# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7559 15/07/2014ൽ മറുപടിക്ക്

**ആരാധനാലയങ്ങളിലെ ഭരണസമിതിയിൽ ഭാരവാഹിത്വമുള്ള കേന്ദ്ര-സംസ്ഥാന ജീവനക്കാർ**

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്തെ വിവിധ മതക്കാരുടെ ആരാധനാലയങ്ങളിൽ കേന്ദ്ര സംസ്ഥാന ജീവനക്കാർക്ക് അതിന്റെ ഭരണ സമിതിയിൽ ഭാരവാഹിത്വം പാടില്ല എന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) വിവിധ മതക്കാരുടെ ആരാധനാലയങ്ങളുടെ ഭരണ സമിതിയിൽ സർക്കാർ ജീവനക്കാർക്ക് ഭാരവാഹിത്വം പാടില്ല എന്ന സർക്കാർ ഉത്തരവ് നിലവിലില്ല. |
| (ബി) മേൽപ്പറഞ്ഞ ആരാധനാലയങ്ങളിൽ കേന്ദ്ര സംസ്ഥാന ജീവനക്കാർ ഭാരവാഹിത്വം വഹിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ ഇതിന്മേൽ നടപടി സ്വീകരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) സർക്കാർ ജീവനക്കാർ സാമുദായിക/മത സംഘടനകളുടെയോ അല്ലെങ്കിൽ അത്തരത്തിലുള്ള ട്രസ്റ്റുകളുടെയോ ഭാരവാഹിയാകുന്നത് വിലക്കിക്കൊണ്ട് 1960ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ